LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നോർക്ക റൂട്ട്സിന്റെ സഹകരണത്തോടുകൂടിയാണ് സംഘടിപ്പിച്ചുവരുന്നത്. വിദേശ രാജ്യങ്ങളിലേക്ക് തൊഴിലന്വേഷിച്ച് പോകുന്ന യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയും പാസ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ, എയർ ട്രാൻസ്പോർട്ടേഷൻ സംബന്ധമായ വിവരങ്ങൾ, ഭാഷാശൈലി, ആചാര മര്യാദകൾ തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. പരിപാടിയുടെ നടത്തിപ്പിന്റെ 50% തുക നോർക്കയാണ് ചെലവഴിക്കുന്നത്. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം 2011-12 സാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. യുവജനങ്ങൾക്ക് ഒരു ദിവസത്തെ പരിശീലനമാണ് നൽകിയിരുന്നത്.

മാധ്യമരംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസുകൾ

219 (8055) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസുകൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിനായി എല്ലാ വർഷവും യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.

(ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവയെ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്.

(സി) കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികളെയും ദൃശ്യ-അച്ചടി-മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2011 ആഗസ്റ്റ് 25, 26 തീയതികളിൽ എറണാകുളം കലൂരിൽ വച്ച് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. 2013 നവംബർ 29, 30 ഡിസംബർ 1 തീയതികളിൽ കോഴിക്കോട് വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ കേരള മുഖ്യമന്ത്രിയുമായി മുഖാമുഖം പരിപാടി, മാധ്യമ രംഗത്തെ പ്രഗത്ഭർ നയിച്ച സെഷനുകൾ എന്നിവ സംഘടിപ്പിച്ചു. 2014 ഏപ്രിൽ 27, 28, 29 തീയതികളിൽ കോഴിക്കോട് ജില്ലയിലെ വെള്ളിമാട് കുന്നിൽ വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നായി ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു. വിവിധ സെഷനുകൾ രംഗത്തെ പ്രഗത്ഭർ നയിച്ചു.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചുവരുന്നത്.

ദേശീയോദ്ഗ്രഥന ക്യാമ്പുകൾ

220 (8056) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-യുവജനങ്ങളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ അന്യസംസ്ഥാന പ്രതിഭകളെ ഉൾപ്പെടുത്തി ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;